I/555174/2023

## ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്

NO TO DRUGS

**(സാന്നിധ്യം.വിജയ ആർ)**

വിഷയം:- പൊതുവിദ്യാഭ്യാസം :ജീവനക്കാര്യം - അന്തർജില്ലാ സ്ഥലം മാറ്റം- 2023-24 എച്.എസ്.ടി(ഹിന്ദി)- അന്തിമ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:-

1 .ജി.ഒ(പി) നം.36/91/പി.& എ.ആർ.ഡി തീയതി:02/12/1991
2 .ജി.ഒ(പി) നം.15/89/പി. &എ.ആർ.ഡി തീയതി:22/05/1989
3.ജി.ഒ(പി) നം.120/99/പി. &എ.ആർ.ഡി തീയതി: 22/05/1999
4.ജി.ഒ(പി) നം.12/04/പി. &എ.ആർ.ഡി തീയതി:10/09/2004
5.ജി.ഒ(പി) നം.42/12/പി. &എ.ആർ.ഡി തീയതി:22/08/2012

6.പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 27/10/2023 തീയതിയിലെ എ1/11483/2023/ഡി.ജി.ഇ നമ്പർ സർക്കുലർ

7.ട്രാൻസ്ഫർ&പോസ്റ്റിങ്ങ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അന്തർജില്ലാ സ്ഥലംമാറ്റത്തിനായുള്ള സീനിയോറിറ്റി പട്ടിക

8.06 /12/2023 ലെ താൽകാലിക സ്ഥലംമാറ്റ ഉത്തരവ്.

**ഉത്തരവ് നമ്പർ എ 3/ 3431 / 2023 / DDEIDK (2) തീയതി : 20-12-2023**

2023-24 അദ്ധ്യയന വർഷത്തെ അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി ലഭിച്ച അപേക്ഷകളിൽ നിന്നും പരാമർശം (7) പ്രകാരം പ്രസിദ്ധീകരിച്ച സീനിയോറിറ്റി പട്ടികയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന എച്.എസ്.ടി(ഹിന്ദി) അദ്ധ്യാപകരെ അവരുടെ പേരിനു നേരെ രേഖപ്പെടുത്തിയിട്ടുള്ള സ്കൂളുകളിലേയ്ക്ക് അന്തിമ സ്ഥലംമാറ്റം നൽകി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു .

| ക്രമ നം | അദ്ധ്യാപകന്റെ പേര് , തസ്തിക | നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ, ജില്ല | സ്ഥലം മാറ്റം അനുവദിക്കുന്ന സ്കൂൾ | റാങ്ക് |
|---|---|---|---|---|
| 1 | **JOY M, HST HINDI** | **GHS MOODAMBAIL, Kasaragod** | **Govt. H S S Thoprankudy** | **1** |

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ചിട്ടുള്ള അദ്ധ്യാപകർ പരാമർശം (6) ലെ നിർദ്ദേശ പ്രകാരം വിടുതൽ ചെയ്ത് ഈ ജില്ലയിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. തെറ്റായ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥലംമാറ്റമെന്ന് ബോദ്ധ്യപ്പെട്ടാൽ ഈ ഉത്തരവ് പുന:പരിശോധിക്കുന്നതായിരിക്കും.

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ചിട്ടുള്ള അദ്ധ്യാപകരുടെ സർവ്വീസ് സീനിയോറിറ്റി ഇടുക്കി

ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ. ടി അദ്ധ്യാപകർ ജോലിയിൽ പ്രവേശിക്കുന്ന ദിവസം ഈ ജില്ലയിലെ ടി തസ്തികയിലെ ഏറ്റവും ജൂനിയറായിരിക്കും. ടി അദ്ധ്യാപകരെ വിടുതൽ ചെയ്യുതിനു മുൻപായി ഇതു സംബന്ധിച്ച സത്യവാങ്മൂലം അതാതു അദ്ധ്യാപകരിൽ നിന്നും ലഭ്യമാക്കി ആഫീസ് മേധാവി മേലൊപ്പു വച്ച് അദ്ധ്യാപകരുടെ സേവനപുസ്തകത്തിൽ പതിക്കേണ്ടതുമാണ്.

ഓൺലൈൻ ജില്ലാതല സ്ഥലംമാറ്റത്തിൽ സീനിയർ അപേക്ഷകരുള്ള പക്ഷം സ്ഥലംമാറ്റം അനുവദിച്ച സ്കൂളിൽ നിന്നും ടി അദ്ധ്യാപികയെ മാറ്റി നിയമിക്കുതായിരിക്കും.

പരാമർശം(6) ഉത്തരവ് പ്രകാരം അദ്ധ്യാപകർ ഈ ജില്ലയിൽ നിരീക്ഷണ കാലയളവ് പൂർത്തീകരിക്കേണ്ടതാണ്.അദ്ധ്യാപകർ ജോലിയിൽ പ്രവേശിച്ച തീയതി ബന്ധപ്പെട്ട പ്രഥമാധ്യാപകർ യഥാസമയം ഈ ഓഫീസിലേക്ക് അറിയിക്കേണ്ടതാണ്.

**Signed by Vijaya R**
**Date: 20-12-2023 12:00:57**
**Reason: Approved**

വിജയ ആർ
പെൻ നം.224050
വിദ്യാഭ്യാസ ഉപഡയറക്ടർ,ഇടുക്കി

സ്വീകർത്താവ് :

ബന്ധപ്പെട്ട അദ്ധ്യാപകർക്ക് (വെബ്സൈറ്റ് മുഖേന)
പകർപ്പ്:-
1. ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകർക്ക്. (വെബ്സൈറ്റ് മുഖേന)
2. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക്. (വെബ്സൈറ്റ് മുഖേന)
3. ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്ക്.
4. കരുതൽ ഫയൽ.